# എവറസ്റ്റിൽ മാലിന്യം കുമിയുന്നു

എവറസ്റ്റ് കീഴടക്കുക എന്നത് മനുഷ്യന് ഇന്നും ഹരമാണ്. ഓരോ തവണ കീഴടക്കപ്പെടുമ്പോഴും എവറസ്റ്റ് വാർത്താ പ്രാധാന്യം നേടുകയും ചെയ്യുന്നു.

ഇപ്പോഴിതാ, എവറസ്റ്റിനെപ്പറ്റി ഞെട്ടിപ്പിക്കുന്ന ഒരു വാർത്ത. എവറസ്റ്റിൽ മാലിന്യങ്ങൾ കുമിഞ്ഞു കൂടുന്നു! ഓരോ തവണയും അവിടെയെത്തുന്ന സഞ്ചാരികൾ നിക്ഷേപിക്കുന്നതാണത്രെ അത്.

ഓക്സിജൻ സിലിണ്ടർ, പ്ലാസ്റ്റിക്, ഭക്ഷണപ്പൊതികൾ, പ്ലാസ്റ്റിക് കയറുകൾ, ടെൻറുകൾ തുടങ്ങിയവ എവറസ്റ്റിൽ അവശേഷിപ്പിച്ചാണത്രേ ഓരോ സഞ്ചാരിയും കടന്നുപോകുന്നത്. കൊടുമുടിയിൽ 6,400 മീറ്ററിനും 7,900 മീറ്ററിനും ഇടയിൽ 1.5 ടൺ മാലിന്യമുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ജോർജ്ജിയ, ജപ്പാൻ, കൊറിയ, നേപ്പാൾ എന്നീ രാജ്യങ്ങളിൽ നിന്നുള്ള 29 അംഗങ്ങളുള്ള ഒരു ടീം ഈ മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ് ഇപ്പോൾ. തങ്ങൾ ശേഖരിക്കുന്ന ഈ മാലിന്യങ്ങൾ കൊറിയയിലും ജപ്പാനിലും പൊതുജനങ്ങൾക്കു മുന്നിൽ പ്രദർശിപ്പിക്കാനാണ് അവർ തീരുമാനിച്ചിട്ടുള്ളത്.